ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.12.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. **മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്‌പെയുടെ 100 -ാാം ജന്മവാർഷികത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മധ്യപ്രദേശ് സന്ദർശിക്കും; വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.**
   **PM Narendra Modi to Visit Madhya Pradesh Tomorrow to Inaugurate Development Projects on Atal Bihari Vajpayee's 100th Birth Anniversary.**
2. **സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവുമായി ക്രിസ്മസ് ആഘോഷങ്ങൾക്ക് ഒരുങ്ങി ലോകം; സ്നേഹവും സഹോദര്യവുമാണ് ക്രിസ്തുവിൻറെ സന്ദേശമെന്ന് പ്രധാനമന്ത്രി.**
   **World Prepares for Christmas Celebrations with Messages of Love and Peace; PM Emphasizes Christ's Message of Love and Brotherhood.**
3. **കേരളത്തിലെ ആദ്യ പാൽപ്പൊടി നിർമ്മാണ ഫാക്ടറി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് മലപ്പുറത്ത് ഉദ്ഘാടനം ചെയ്യും.**
   **CM Pinarayi Vijayan to Inaugurate Kerala's First Milk Powder Factory in Malappuram Today.**
4. **ഇന്ന് ദേശീയ ഉപഭോക്തൃ ദിനം; ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി.**
   **National Consumer Day Being Celebrated Today; Union Minister Pralhad Joshi Reaffirms Commitment to Protecting Consumer Rights.**
5. **പ്രശസ്ത സംവിധായകൻ ശ്യാം ബെനഗലിൻ്റെ നിര്യാണത്തിൽ അനുശോചിച്ച് രാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ.**

President, Prime Minister Express Condolences on the Death of Renowned Director Shyam Benegal.

6. ഭോപ്പാലിൽ നടന്ന ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ 10 മീറ്റർ എയർ റൈഫിൾ വിഭാഗത്തിൽ ഷാഹു തുഷാർ മാനെയ്ക്ക് കിരീടം.

Shahu Tushar Mane bags Gold medal at Senior National Shooting Championship in Bhopal.

==============================================

## HEADLINE – 1

### PM – MADHYA PRADESH

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്‌പെയുടെ 100 -ാം ജന്മവാർഷികത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മധ്യപ്രദേശ് സന്ദർശിക്കും. ഖജ്റാവോയിൽ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. ദേശീയ നദീ സംയോജന നയത്തിന് കീഴിൽ ആദ്യമായി നടപ്പാക്കുന്ന പദ്ധതി കെൻ - ബെത്വ നദീ സംയോജനത്തിന് പ്രധാനമന്ത്രി തുടക്കമിടും. അടൽ ബിഹാരി വാജ്‌പെയുടെ 100 -ാം ജന്മവാർഷിക സ്മാരക സ്റ്റാമ്പും നാണയവും ശ്രീ മോദി പുറത്തിറക്കും.

==============================================

### GUJARAT-MANDAVIYA

മൈ ഭാരത് ഗുഡ് ഗവേണൻസ് പദയാത്ര ഗുജറാത്തിലെ വഡ്നഗറിൽ കേന്ദ്ര യുവജനകാര്യ, കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ ഫ്ലാഗ് ഓഫ് ചെയ്തു. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്‌പേയിയുടെ ജന്മവാർഷികദിനത്തോട് അനുബന്ധിച്ചാണ് പതിനയ്യായിരത്തോളം വിദ്യാർഥികൾ പങ്കെടുക്കുന്ന 8 കിലോമീറ്റർ യാത്ര സംഘടിപ്പിച്ചത്. ഭരണഘടനയുടെ 75-ാം വാർഷികത്തോട് അനുബന്ധിച്ചുള്ള ആഘോഷങ്ങളാണ് പരിപാടിയുടെ പ്രമേയം.

==============================================

### XMAS

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവുമായി തിരുപ്പിറവി ആഘോഷങ്ങൾക്ക് ഒരുങ്ങി ലോകമെമ്പാടുമുള്ള ക്രൈസ്തവ വിശ്വാസികൾ. എളിമയുടെ സന്ദേശം ലോകത്തിന് നൽകിയ യേശുക്രിസ്തുവിന്റെ കാലിത്തൊഴുത്തിലെ ജനനം അനുസ്മരിപ്പിക്കുന്ന പുൽക്കൂടും നക്ഷത്രങ്ങളും വീടുകളിലും തെരുവോരങ്ങളിലും നിറഞ്ഞു

കഴിഞ്ഞു. ദേവാലയങ്ങളിൽ ഇന്ന് രാത്രി നടക്കുന്ന പ്രത്യേക പാതിരാകുർബാനയോടെയാണ് ക്രിസ്തുമസ് ആഘോഷങ്ങളിലേക്ക് കടക്കുക. 2024 വിട പറയാനും ഇനി ദിവസങ്ങൾ മാത്രം ബാക്കി. കേരളത്തിൽ പുതുവർഷ ആഘോഷങ്ങൾക്ക് മുന്നോടിയായി തലസ്ഥാന നഗരിയിൽ വസന്തോത്സവത്തിന് നാളെ തുടക്കമാകും.

==========================================================

## HEADLINE – 2

### PM–CHRISTMAS(INTRO)

സ്നേഹവും സഹോദര്യവുമാണ് ക്രിസ്തുവിൻറെ സന്ദേശമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ ആശയത്തെ ശക്തിപ്പെടുത്താൻ ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്നും ലോകത്ത് അശാന്തിയും ആക്രമണവും ഉണ്ടാകുന്നത്, തന്നെ വേദനിപ്പിക്കുന്നതായും അദ്ദേഹം പറഞ്ഞു. കാത്തലിക് ബിഷപ്സ് കോൺഫറൻസ് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി.

**(വോയിസ്.....)**

കർദിനാളായി സ്ഥാനമേറ്റ മാർ ജോർജ് ജേക്കബ് കൂവക്കാടിനെ അഭിനന്ദിച്ച പ്രധാനമന്ത്രി ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുക്കാനായതിൽ സന്തോഷമുണ്ടെന്നും പറഞ്ഞു.

==========================================================

### GEORGE KURIAN

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ കർദ്ദിനാൾ ജോർജ് കൂവക്കാടിനൊപ്പം രാഷ്ട്രപതി ദ്രൗപദി മുർമുവിനെ സന്ദർശിച്ചു. ആർച്ച് ബിഷപ്പ് തോമസ് തറയിൽ ഒപ്പമുണ്ടായിരുന്നു.

==========================================================

### CHRISTMAS GREETINGS

കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ തുടങ്ങിയവർ ലോകമെമ്പാടുമുള്ള കേരളീയർക്ക് ക്രിസ്മസ് ആശംസ നേർന്നു. സമാധാനത്തിൻറേയും സ്നേഹത്തിൻറേയും ക്ഷമയുടെയും സന്ദേശം ഉൾക്കൊള്ളാനുള്ള

ഓർമ്മപ്പെടുത്തലാണ് ക്രിസ്മസ് എന്ന് ഗവർണർ പറഞ്ഞു. ലോകത്തിന് ശാന്തിയും സമാധാനവും ആശംസിച്ചു കൊണ്ടാണ് ക്രിസ്മസ് ആഘോഷിക്കേണ്ടതെന്നും മനുഷ്യസ്നേഹികളാകാൻ എല്ലാവർക്കും കഴിയട്ടെയെന്നും സ്പീക്കർ ആശംസിച്ചു.

=============================================

# HEADLINE – 3

## KERALA CM – MALAPPURAM

മലപ്പുറം ജില്ലയിലെ മൂർക്കനാട്ട് സ്ഥാപിച്ച മിൽമ മലപ്പുറം ഡയറിയും പാൽപ്പൊടി നിർമ്മാണ ഫാക്ടറിയും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. 131.3 കോടി രൂപ ചിലവഴിച്ചാണ് ഫാക്ടറി സ്ഥാപിച്ചിട്ടുള്ളത്. അത്യാധുനിക സാങ്കേതിക വിദ്യയോടു കൂടി പ്രവർത്തിക്കുന്നതാണ് കേരളത്തിലെ ആദ്യ പാൽപ്പൊടി നിർമ്മാണ ഫാക്ടറി.

=============================================

## MUNAMBAM – STRIKE

മുനമ്പം ഭൂമി സമരവുമായി ബന്ധപ്പെട്ട സമരസമിതി നേതാക്കളും, കോട്ടപ്പുറം രൂപതയിലെ വൈദികരും മുനമ്പം ജുഡീഷ്യൽ കമ്മീഷൻ ജസ്റ്റിസ് സി എൻ രാമചന്ദ്രൻ നായരുമായി കൊച്ചിയിൽ ചർച്ച നടത്തി. ക്രിസ്തുമസ് ദിനമായ നാളെ സമരക്കാർ നിരാഹാരം അനുഷ്ഠിക്കുമെന്ന് അറിയിച്ചിരുന്നതിന്റെ കൂടി പശ്ചാത്തലത്തിലായിരുന്നു ചർച്ച.

=============================================

## JAISHANKAR VISIT

വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ ആറ് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് അമേരിക്കയിൽ എത്തും. സന്ദർശന വേളയിൽ ഉഭയകക്ഷി, പ്രാദേശിക, ആഗോള വിഷയങ്ങൾ ചർച്ച ചെയ്യും. അമേരിക്കയിലെ ഇന്ത്യൻ കോൺസൽ ജനറൽമാരുടെ സമ്മേളനത്തിലും വിദേശകാര്യ മന്ത്രി അധ്യക്ഷനാകും.

=============================================

## REPUBLIC

ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിലേക്ക് ഇത്തവണ 15 സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ

പ്രദേശങ്ങളുടെയും ടാബ്ലോ തിരഞ്ഞെടുത്തതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു. സ്വർണിൻ ഭാരത് ; വിരാസത് ഓർ വികാസ് എന്നതാണ് ഇത്തവണത്തെ പ്രമേയം. സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പുറമെ 11 മന്ത്രാലയങ്ങളെയും കേന്ദ്രസർക്കാർ വകുപ്പുകളെയും പരേഡിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്.

==================================================

## HEADLINE – 5

### SHYAM BENEGAL-CONDOLENCE

പ്രശസ്ത സംവിധായകൻ ശ്യാം ബെനഗലിൻ്റെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. നിരവധി അഭിനേതാക്കളെയും കലാകാരന്മാരെയും ഈ രംഗത്തേക്ക് കൊണ്ടുവരാൻ ശ്യാം ബെനഗലിനു കഴിഞ്ഞതായി രാഷ്ട്രപതി പറഞ്ഞു. ഇന്ത്യൻ സിനിമയിൽ അഗാധ സ്വാധീനം ചെലുത്തിയ സംവിധാന മികവാണ് ശ്യാം ബെനഗലിൻ്റേതെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. ശ്യാം ബെനഗലിൻറെ സിനിമാ പാരമ്പര്യവും സാമൂഹിക വിഷയങ്ങളിലെ പ്രതിബദ്ധതയും തലമുറകൾക്ക് പ്രചോദനമാകുമെന്ന് ശ്രീ രാഹുൽ ഗാന്ധി പറഞ്ഞു. വൃക്കരോഗത്തെ തുടർന്ന് ചികിത്സയിലിരിക്കെ മുംബൈയിലെ സ്വകാര്യ ആശുപത്രിയിൽ ഇന്നലെയാണ് ശ്യാം ബെനഗൽ അന്തരിച്ചത്. 90 വയസ്സായിരുന്നു. ചലച്ചിത്ര മേഖലയിലെ സംഭാവനകൾക്ക് നൽകുന്ന ഏറ്റവും വലിയ ബഹുമതിയായ ദാദാ സാഹബ് ഫാൽക്കെ പുരസ്കാരം നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

==================================================

## HEADLINE – 4

### PRALHAD-CONSUMER DAY (INTRO)

ഇന്ന് ദേശീയ ഉപഭോക്തൃ ദിനം. ദിനാചരണത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്ര ഉപഭോക്തൃ കാര്യ മന്ത്രി പ്രൾഹാദ് ജോഷി അധ്യക്ഷത വഹിക്കും. ഉപഭോക്താവിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള വിവിധ സംരംഭങ്ങൾക്ക്

അദ്ദേഹം തുടക്കം കുറിക്കും. ഇ-മാപ്പ് പോർട്ടൽ, AI- അധിഷ്ഠിത ഉപഭോക്തൃ ഹെൽപ്പ്ലൈൻ 2.0, ജാഗോ ഗ്രാഹക് ജാഗോ ആപ്പ് തുടങ്ങിയ സംരംഭങ്ങൾക്കാണ് ഇന്ന് തുടക്കമാവുക. ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി പറഞ്ഞു.

**(വോയ്സ്......)**

==============================================

## G R ANIL

ഉപഭോക്താക്കളുടെ സംരക്ഷണത്തിന് പ്രധാന്യം നല്കുന്ന സംസ്ഥാനമാണ് കേരളമെന്ന് മന്ത്രി ജി.ആർ അനിൽ. ദേശീയ ഉപഭോക്തൃ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് നടന്ന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഉപഭോക്താക്കളെ ശാക്തീകരിക്കാൻ ഫലപ്രദമായ നടപടികളാണ് സർക്കാർ കൈക്കൊള്ളുന്നതെന്നും മന്ത്രി വ്യക്തമാക്കി.

==============================================

## SABARIMALA

ശബരിമല അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്കഅങ്കി ഘോഷയാത്ര സന്നിധാനത്തേയ്ക്ക് യാത്ര തുടരുന്നു. നാളെ പമ്പയിലെത്തുന്ന ഘോഷയാത്രക്ക് ദേവസ്വം മന്ത്രിയുടെ നേതൃത്വത്തിൽ സ്വീകരണം നൽകും. 26ന് ഉച്ചയ്ക്കാണ് മണ്ഡലപൂജ.

==============================================

# HEADLINE – 6

## SHOOTING

ഭോപ്പാലിൽ നടന്ന 67-ാമത് ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ 10 മീറ്റർ എയർ റൈഫിൾ മത്സരത്തിൽ ഷാഹു തുഷാർ മാനെയ്ക്ക് കിരീടം. ധനുഷ് ശ്രീകാന്തിനെ പിന്തള്ളിയാണ് ഷാഹു സ്വർണം നേടിയത്. ഈ ഇനത്തിൽ മഹാരാഷ്ട്രയിൽ നിന്നുള്ള മുൻ ലോക ചാമ്പ്യൻ രുദ്രാങ്ക്ഷ് പാട്ടീൽ പുരുഷന്മാരുടെ ജൂനിയർ വിഭാഗം ചാമ്പ്യനായി.

==============================================

## WOMEN S CRICKET

ഐ.സി.സി ചാമ്പ്യൻഷിപ്പ് വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിൽ വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം മത്സരത്തിൽ ഇന്ത്യ ഇന്ന് ഇറങ്ങും. വഡോദരയിലെ കൊടമ്പി സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 1.30- നാണ് മത്സരം.

==============================================

## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോളിൽ ഗ്രൂപ്പ് ബിയിലെ അവസാന റൗണ്ടിൽ കേരളം ഇന്ന് തമിഴ്നാടിനെ നേരിടും. ഹൈദരബാദിലെ ഡെക്കാൻ അരീനയിൽ ഉച്ചയ്ക്ക് രണ്ടരയ്ക്കാണ് മത്സരം. ഗ്രൂപ്പിൽ ഒന്നാം സ്ഥാനക്കാരായ കേരളം ഡൽഹിക്കെതിരായ ജയത്തോടെ ക്വാർട്ടർ ഉറപ്പിച്ചിരുന്നു. വെള്ളിയാഴ്ച്ച കാശ്മീരിനെതിരെയാണ് ക്വാർട്ടർ മത്സരം.

==============================================

## IMD WEATHER

ഹിമാചൽ പ്രദേശ്, ജമ്മു-കശ്മീർ, ലഡാക്ക്, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഢ് എന്നിവിടങ്ങളിൽ ഇന്ന് ശീത തരംഗത്തിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മഞ്ഞുവീഴ്ചയെത്തുടർന്ന് ഹിമാചലിൽ 2 ദേശീയ പാതകൾ ഉൾപ്പെടെ 30 റോഡുകൾ അടച്ചു. കാശ്മീർ മേഖലയിലെ പ്രധാന ചുരങ്ങളിലും ഉയർന്ന പ്രദേശങ്ങളിലും മഞ്ഞുവീഴ്ച കണക്കിലെടുത്ത് പൊതുജനങ്ങളും വിനോദസഞ്ചാരികളും ഭരണകൂടത്തിൻറെ നിർദേശങ്ങൾ പാലിക്കണമെന്ന് മുന്നറിയിപ്പ് നൽകി. ലഡാക്കിൽ ഇന്ത്യ-ചൈന അതിർത്തിയിലെ ചിലയിടങ്ങളിൽ കുറഞ്ഞ താപനില മൈനസ് 17 ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തി.

==============================================

==============================================

==============================================